# മാർവെൽ 2020

## ഡിജിറ്റൽമാഗസിൻ



## ലിറ്റിൽകൈറ്റ്സ് 2019-2020

## ഗ്രേസി മെമ്മോറിയൽ ഹൈസ്കൂൾ , പാറത്തോട്

**സന്ദേശം**



**ഹെഡ് മിസ്ട്രസ്**

പൊതുവിദ്യാഭ്യാസം പൊതുനന്മയ്ക്കായി രൂപാന്തരം പ്രാപിക്കുന്നതിന്റെ ശബ്ദവും വെളിച്ചവും ഹൈ-ടെക് ക്ലാസ്സ് മുറികളിൽ അനുരണനം ചെയ്യുന്നതിന്റെ സന്തോഷത്തിലാണ് ലിറ്റിൽ കൈറ്റ്സ്. പൊതുവിദ്യാഭ്യാസത്തിലെ സമൂഹത്തിന്റെ കൂട്ടായ്മ മുഖ്യധാരയിലേയ്ക്ക് എത്തുന്നതിൽ അഭിമാനിക്കുന്നു .

വിജയാശംസകളോടെ ,

ലെറ്റി സി തോമസ്

## <u>സന്ദേശം</u>



### പി.റ്റി.എ പ്രസിഡന്റ്

കേരളത്തിലെ പൊതുവിദ്യാഭ്യാസ സമ്പ്രദായം നമ്മുടെ രാജ്യത്തിന് മാതൃകയായി മികവിന്റെ കേന്ദ്രങ്ങൾ ആയി മാറിക്കൊണ്ടിരിക്കുകയാണ്. 40 ലക്ഷം വിദ്യാർത്ഥികളും 2 ലക്ഷം അധ്യാപകരും ഒരു ചങ്ങല പോലെ കണ്ണികളായ ഏറ്റവും വലിയ കൂട്ടായ്മയാണ് പൊതുവിദ്യാഭ്യാസം .ഇതിൽ ഒരു കണ്ണിയായി നമ്മുടെ സ്കൂളും മികവിന്റെ കേന്ദ്രമായി മാറിയിരിക്കുന്ന ഈ സന്ദർഭത്തിൽ **മാർവെൽ 2020** ഡിജിറ്റൽമാഗസിന് എല്ലാ വിധ ആശംസകളും നേരുന്നു.

ടി.എ സൈനില്ല

## സന്ദേശം



### സ്റ്റാഫ് സെക്രട്ടറി

കമ്പ്യൂട്ടർ മേഖലയിൽ കുട്ടികൾക്കുള്ള സ്വതസിദ്ധമായ കഴിവുകളെ പ്രോത്സാഹിപ്പിക്കുക, വിവര-സാങ്കേതിക വിദ്യയിലൂടെ മികച്ച പഠന അവസരങ്ങൾ ഒരുക്കുക, സ്കൂളിലെ വിവര സാങ്കേതിക വിദ്യയുടെ ഉപയോഗം കുട്ടികളിലൂടെ നടത്തുകയും ഇതിലൂടെ പഠനമേഖലയിൽ കുട്ടികളുടെ ഒപ്പം സ്കൂളിന്റെയും ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുക , വിവരസാങ്കേതിക ഉപകരണങ്ങളുടെയും അവയുടെ ഉപയോഗം, പരിമിതികൾ എന്നിവ കുട്ടികൾ നേരിട്ട് മനസ്സിലാക്കുന്നതിനുള്ള അവസരം ഒരുക്കുക, കുട്ടികൾക്ക് വിവരസാങ്കേതിക വിദ്യയുടെ ഉപയോഗത്തിലൂടെ അനിമേഷൻ , മലയാളം ടൈപ്പിംഗ് , റോബോട്ടിക്സ് , ഇലട്രോണിക്സ് , പ്രോഗ്രാമിംഗ് തുടങ്ങിയ വിവിധ മേഖലകളിൽ വൈവിധ്യം നേടുക തുടങ്ങിയ ലക്ഷ്യത്തോടെ നമ്മുടെ സ്കൂളിൽ പ്രവർത്തിക്കുന്ന Little Kites ന്റെ ആദ്യ സംരംഭമായ **മാർവെൽ 2020** എന്ന ഈ Digital Magazine ഒരു മികച്ച തുടക്കമാകട്ടെ എന്നും, തുടർന്നും ഇത്തരം പ്രവർത്തനങ്ങൾക്കുള്ള ഊർജമായി ഇത് മാറട്ടെ എന്നും പ്രാർത്ഥിച്ചുകൊണ്ട്...

വിജയാശംസകളോടെ ,

രാഹുൽ എസ്

**ആമുഖം**

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെയും ഹൈടെക് പദ്ധതിയുടെയും ഭാഗമായി ലിറ്റിൽകൈറ്റ്സിന്റെ വൈവിധ്യമാർന്ന സാങ്കേതികപരിശീലനങ്ങളിലൂടെ കടന്നുപോകുവാൻഗ്രേസി മെമ്മോറിയൽ ഹൈസ്കൂളിലെ കുരുന്നുകൾക്കും അവസരം ലഭിച്ചതിൽ KITE നോട് ഞങ്ങൾ കടപ്പെട്ടിരിക്കുന്നു.**മാർവെൽ 2020** എന്ന ഈ ഡിജിറ്റൽ മാഗസിൻ ലിറ്റിൽ കൈറ്റ്സിലെ കുട്ടികളുടെയും അഞ്ചു മുതൽ പത്തു വരെയുള്ള ക്ലാസ്സുകളിലെ പ്രതിഭകളുടെ രചനാവൈഭവങ്ങളുടെ തനതായ ആവിഷ്ക്കാരമാണ്. ഭാവനയുടെ വിസ്മയലോകത്തേക്ക് പറന്നുയരാൻ ചിറകുവിടർത്തുന്ന ആ ചിത്രശലഭങ്ങളെ നമുക്ക് വരും താളുകളിൽ പരിചയപ്പെടാം. ഒട്ടേറേ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ഒരുക്കിത്തീർത്ത ഈ ഡിജിറ്റൽ മാഗസിനിൽ കുറവുകളേറേ കണ്ടേയ്ക്കാം. അവയൊക്ക മാറ്റി നിർത്തിക്കൊണ്ട് ഈ ഒരു സൃഷ്ടിയെ ആസ്വദിക്കുമെന്ന ശുഭപ്രതീക്ഷയോടെ നിങ്ങൾ വായനക്കാരുടെ സുമനസ്സുകൾക്കു മുൻപിൽ സവിനയം **മാർവെൽ 2020** ഞങ്ങൾ സമർപ്പിക്കുന്നു.





ഇന്ദു പി. എസ് ജെമിത കെ കരുൺ

കൈറ്റ് മിസ്ട്രസ് കൈറ്റ് മിസ്ട്രസ്

-



ലിറ്റിൽ കൈറ്റ്സ് 2019-2020

# എഡിറ്റോറിയൽ ബോർഡ്

## എഡിറ്റർ

വിദ്യ ബിജു

## ഉപദേശക സമിതി

ദീപ പി.ജി(SITC), ജയലക്ഷ്മി റ്റി.ജെ (കലാ അദ്ധ്യാപിക),

അർച്ചനാ പി.എസ് (മലയാളം അദ്ധ്യാപിക), ഇന്ദു പി. എസ്, ജെമിത കെ കരുൺ

## ടൈപ്പിംഗ്

ലെദീദ നസ്റിൻ, വിദ്യ ബിജു , അശ്വതി മനോജ് , അനീഷ ഷൈജു ,

സ്നേഹ ചന്ദ്രൻ,അനശ്വര പ്രതാപൻ

## ചിത്രങ്ങൾ

അശ്വിൻ സന്തോഷ്, അഖിൽ ബാബു, അസ്ലംഷാ നൗഫൽ, അഖിൽ.എം.ഉത്തമൻ.

## ഫോട്ടോഗ്രഫി

അഫ്സൽ നവാസ്, അസ്ലംഷാ നൗഫൽ, വിദ്യ ബിജു.

## ലേ ഔട്ട് &കവർ

അശ്വിൻ സന്തോഷ്, അഖിൽ ബാബു,ആസിഫ് നവാസ്

**മാർവെൽ 2020** യുടെ പണിപ്പുരയിൽ നിന്നൊരു കാഴ്ച..........





ടീം



# മാർവെൽ 2020

**ഉള്ളടക്കം**


| | |
|---|---|
| കവിത | 9 |
| പെൻസിൽ ഡ്രോയിംഗ് | 10 |
| സയൻസ് ക്വിസ് | 11 |
| ലേഖനം | 13 |
| കവിത | 14 |
| ഡിജിറ്റൽ പെയിന്റിംഗ് | 16 |
| പെൻസിൽ ഡ്രോയിംഗ് | 17 |
| സെൻ കഥ | 18 |
| ജലഛായം | 19 |
| പെൻസിൽ ഡ്രോയിംഗ് | 20 |
| ഡിജിറ്റൽ പെയിന്റിംഗ് | 21 |
| കവിത | 22 |
| ഡിജിറ്റൽ പെയിന്റിംഗ് | 23 |
| പെൻസിൽ ഡ്രോയിംഗ് | 24 |
| ലേഖനം | 25 |
| ജലഛായം | 26 |
| കാർട്ടൂൺ | 27 |
| കവിത | 28 |
| ക്വിസ് | 29 |
| ഡിജിറ്റൽ പെയിന്റിംഗ് | 30 |
| ചെറുകഥ | 31 |
| ഡിജിറ്റൽ പെയിന്റിംഗ് | 36 |
| നന്ദി | |



ഷാഫിയാ മോൾ ജലീൽ

## മോചനം

ചോരുമീ സ്നേഹമെൻ ചെയ്തിയാലല്ലായ്കിൽ
ചേതനകാർന്ന പോൽ തോന്നിടുമേ
ചാട്ടുമീ ചാവേർപടയിന്ന് കേവലം
ചോരപൊടിഞ്ഞപോൽ ചോന്നിടുന്നേ

പൊട്ടുപോലൊട്ടുമീ പൊട്ടിപ്പെണ്ണിനൊരു
പൊട്ടുന്നഭാരവും പേറിനിൽപ്പൂ
പൊട്ടിയൊലിക്കുമീ പൊട്ടക്കഥയിന്ന്
പട്ടമായ് പാറുന്ന നെഞ്ചകമേ


കഷ്ടതയാകിലും കാട്ടാളർ തന്നിലെ
കാരുണ്യ കണിക കയിപ്പാകുന്നേ
ക്രൂരതകൊണ്ടെന്നെ കോമരം തുള്ളിച്ച്
കോലമായ് കാറ്റിൽ പറത്തരുതേ.

തേൻമഴതന്നിലെ കുഞ്ഞൊരുതുള്ളിയെൻ
തൊക്കതിൽ ളുമഞ്ഞിൻ തണവാകുന്നേൻ
കൂരിരുൾമൂടിയ വാനമിൽ കൺചിമ്മും
ഏകാന്തതാരമായ് മാറിഞാനേ

പെൻസിൽ ഡ്രോയിംഗ് ഉൽസവപ്പറമ്പ്



മുഹമ്മദ് ഫയാസ്




ക്വിസ്

# SOCIAL SCIENCE QUIZ




അനുഗ്രഹ സുനിൽ ഗൗരീലക്ഷ്മി പി

*1.Which are the neighbouring states of Kerala?*

*Ans: Karnataka,TamilNadu*

*2.How many districts are there in Kerala ?*

*Ans: 14*

*3.Which is the smallest district in Kerala?*

*Ans: Alappuzha*

*4. Which is the biggest district in Kerala?*

*Ans: Palakkad*

*5. Identify the district that do not have coastline*

*Ans: Wayanad , Palakkad , Kottayam , Pathananthitta, Idukki*

*6.Identify the district that have coastline*

*Ans:Kollam , Alappuzha, Thiruvananthapuram, Eranakulam , Thrissur, Kozhikode, Malappuram , Kasargode , Kannur*

*7.Identify the districts that have international airport*

*Ans:Kannur, Kozhikode, Kochi, Thiruvananthapuram*

*8.Identify the district that do not have international airport*

*Ans:Kottaym , Idukki, Kollam , Pathanamthitta , Alappuzha, Thrissur, Wayanad, Palakkad, Malappuram, Kasargode*

*9. How many rivers are there in Kerala*

*Ans:44*

*10.How many lakes are there in Kerala*

*Ans:34*

*11.How many taluks are there in kerala*

*Ans: 77*

*12.Which is the largest taluk in Kerala*

*Ans:Eranad in Palakkadu district*

*********

ലേഖനം



പ്രകൃതിയെ സംരക്ഷിക്കൂ ..
പ്രകൃതിവിഭവങ്ങളെയും

വിദ്യ ബിജു

നാം ജീവിക്കുന്ന ചുറ്റുപാടിന്റെ ആരോഗ്യം കാത്തുരക്ഷിക്കുന്നതിൽ വനങ്ങൾക്ക് സുപ്രധാന പങ്കാണുള്ളത്. കുടിക്കാനുള്ള ശുദ്ധജലം, ശുദ്ധവായു, അന്തരീക്ഷതാപനിലയിലെ ക്രമീകരണം, എന്നിവയെല്ലാം നിലനിർത്തുന്നതതിനുള്ള ഓരോ നിർണായക ഘട്ടത്തിലും വനങ്ങളാണ് നമ്മുടെ കരുതൽ.

പ്രകൃതിയുടെ ഭാഗമായ വനങ്ങൾ, തടാകങ്ങൾ, നദികൾ, വന്യജീവികൾ എന്നിവയെ സംരക്ഷിക്കേണ്ടതും പരിപോഷിപ്പിക്കേണ്ടതും നാം ഓരോരുത്തരുടേയും കടമയാണ്.പല കാരണത്താലും ഇന്ന് പ്രകൃതി നശിക്കുന്നു.അതിന്റെ പ്രധാന കാരണകാർ നമ്മൾ ഓരോരുത്തരുമാണ്.ഇന്ന് ചെയുന്നതിലും അനുഭവിക്കേണ്ടിവരുമെന്ന് ഓർക്കണം. അതിന്റെ തെളിവാണ് 2018-2019 കളിലെ പ്രളയം

മനുഷ്യൻ പ്രകൃതിയിൽ നിന്നും പരമാവധി കാര്യങ്ങൾ നശിപ്പിച്ചും പിടിച്ചെടുത്തും പ്രകൃതിയെ കീഴടക്കി.എന്നാൽ

പ്രളയം വന്നപ്പോൾ പ്രകൃതി എല്ലാം തിരിച്ചുപ്പിടിക്കുന്ന കാഴ്ച്ച നമ്മൾ കണ്ടിരുന്നു. നാം ചെയ്യുന്നതിന് നമ്മളും നമ്മുടെ വരും തലമുറകളും അനുഭവിക്കേണ്ടി വരും.

***പ്രകൃതിയെ സംരക്ഷിക്കൂ ; വരും തലമുറയെ രക്ഷിക്കൂ......***

*POEM*



# *HOPE*

*My heart was paining*
*A solitary tear dung to the check of time*
*A tale of woe*
*Yes, I had a tale of woe*
*which made a wound in my soul !*

*I lost my parents in a war*
*that was the inception of*


*NANDINI S NAIR*

*despair in my life.*
*I lost my hope*
*Nobody makes me happy*
*Nothing makes me happy*

*The smile of a newborn baby*
*Doesn't make ma happy.*
*The chirpling of birds doesn't make*
*me happy*
*The budding twigs doesn't make me happy*
*I always heard the whispering*
*of solitude*
*I am always surrounded by the*
*wastes of painful memories*
*I always heard the ringing of death.*
*I feared the departure of light .*
*Yes, the night*
*It's very mysterious to me,*
*like human heart*
*The soldiers of the eye of the morn*
*arranged his horse for the journey.*
*The creator of the universe*
*spread gentle white beads into the sky.*
*Slowly ,I fell asleep .*
*I was in a dream ,*
*standing in a heaven by hearing*
*a soothing lullaby*

*It blowed my heart like a*
*feather.*
*Suddenly I heard a sound*
*“dear ma”*
*‘Oh! Dear can you hear me?*
*Why don’t you despair?*
*Why don’t you fear nights?*
*Nights makes this world sleep*
*dear,It’s a gentle touch and soothening*
*to the frayed nerves.*
*Fattered minds.*
*Every one thought that they could see*
*the next morn,*
*It’s a kind of hope dear,*
*Do you see the blooming of flowers*
*in night?*
*It’s for us, the god’s children.*
*Man is a tree, my dear*
*and values he should keep in*

*life is it’s flowers.*
*Flowers makes a tree attractive*
*hope is a flower in that tree.*
*Flower can gave birth to*
*fruit.*
*In human that is a scares,*
*yes, bloom the flower of hope dear,*
*It will get success to us.*
*Hope  helps us to*
*soar high in the wings of dream.*
*“conquer the ranges of mind*
*recognize your soul.*
*keep face towards the light*
*allow the ray of hope*
*to fall forever*
*never to fall…..*






**ഡിജിറ്റൽ പെയിന്റിംഗ്**

അഖിൽ ബാബു



പെൻസിൽ ഡ്രോയിംഗ്

ജല സംരക്ഷണം പോസ്ററർ



അശ്വിൻ സന്തോഷ്






സെൻ കഥകൾ



അസ്ലം ഷാ നൗഫൽ

## ഈ നിമിഷം മാത്രം

കുന്നിൻ മുകളിലെത്തിയ ഒരാൾ കണ്ടത് തന്റെവഴി മുടക്കി നിൽക്കുന്ന ഒരു കടുവയെയാണ്. രക്ഷപ്പെടാനായി അയാൾ മലയിടുക്കിലേക്കോടി.

അവിടെ കണ്ട ഒരു കാട്ടുവള്ളി പിടിച്ച് തൂങ്ങികിടന്നു. താഴെ അഗാധ ഗർത്തം. മുകളിൽ തന്നെ നോക്കി നിൽക്കുന്ന കടുവയും.

അതിനിടെ രണ്ടെലികൾ അവിടെത്തി. കാട്ടുവള്ളി കാർന്നു തിന്നാനും തുടങ്ങി.

കയ്യെത്താദൂരത്തുള്ള ഒരു ചെടിയിൽ നന്നായി പഴുത്ത കുറേ പഴങ്ങൾ നിൽക്കുന്നത് അയാൾ കണ്ടു. പഴങ്ങൾ പറിക്കാനായി അയാൾ ഒരു കൈ നീട്ടി.

*"ഹായ്- നല്ല മധുരമുണ്ടാവും"* അയാൾ സ്വയം പറഞ്ഞു.



**ജലഛായം**

**അഞ്ജലി മനോജ്**




പെൻസിൽ ഡ്രോയിംഗ്



ആനയും പാപ്പാനും


അഖിലേഷ് രാജ്



ഡിജിറ്റൽ പെയിന്റിംഗ്



ലദീദ നസ്രിൻ



Poem



TO NATURE..... Indu P S

When I lack the beauty of the world around me
I want to see the beauty of nature
Mind is longing for being a wanderer
Who lost herself in the ways to trail

I want to be in the midst of meadows
Or to be wet in the song of rain
For the desire to drink and sink
The greenery ,the rain or the gurgling water

For the feeling of being with nature
I feel someone is crying inside me
I desire, I hope and look forward
*To hear, to see, to smell you DEAR....*

പെൻസിൽ ഡ്രോയിംഗ്



നിധിൻബൈജു

ഇനിയും നിർഭയമാർ ഉണ്ടാകാതിരിക്കട്ടെ !



പെൻസിൽ ഡ്രോയിംഗ്



സ്നേഹ ചന്ദ്രൻ





മീര ജാക്സൺ

## നിഷ്ക്രിയ പുകവലി

പുകവലിക്കുന്നവരുമായുള്ള
സമീപനം മൂലം പുകവലിക്കാ
ത്തവരും പുകശ്വസിക്കാനിട
വരുന്നതാണ് നിഷ്ക്രിയ പുകവലി
(passive smoking)
ഇത് ഏറെ അപകടകരമാണ്

ഇന്ത്യയിൽ 14% പേർപുക
വലിക്കാരും 26% പേർ പുക
രഹിത പുകയില ഉപയോഗി
ക്കുന്നവരുമാണ്. 5%പേർ
പുകവലിയും പുകയിലയും
ശീലമാക്കിയവരാണ്.




ജലഛായം




അശ്വതി മനോജ്



കാർട്ടൂൺ



അഖിൽ എം ഉത്തമൻ



കവിത



അനീഷ ഷൈജു

**കുഞ്ഞുണ്ണിക്കവിതകൾ**

1. മണ്ണിന്റെ മനസ്സല്ലോ
   മലരിൻ മന്ദസ്മിതം
2. മന്നിലൊരിത്തിരി മണ്ണുള്ളതുകൊ
   ണ്ടാണല്ലോ നാമുണ്ണുന്നു
   പെണ്ണിലൊരിത്തിരി കണ്ണുള്ളതുകൊ
   ണ്ടാണല്ലോ നാം പുലരുന്നു
3.ഭൂമിവാതുക്കലുണ്ടായിരുന്നു
   ഭൂമിയെക്കാത്തുരക്ഷിപ്പൊരുത്തൻ
   സ്വർഗ്ഗനരകങ്ങൾ രണ്ടുമിങ്ങോട്ടുവ
   ന്നാക്രമിച്ചീടാതെ കാപ്പൊരുത്തൻ
4.പാലു കെട്ടാലെടുത്തു കളയാം
   തപാലു കെട്ടാലോ
5.പണ്ട് പണി മുന്നിൽ
   പണം പിന്നിൽ
ഇന്നു പണം മുന്നിൽ പണി പിന്നിലുമില്ല

## ക്വിസ്



ലക്ഷ്മി റെജി സോന രതീഷ്

### ഗണിതക്വിസ്

1. ലോഗരിതം കണ്ടുപിടിച്ചതാര് ?

ഉ :ജോൺ നേപ്പിയർ

2. രാമാനുജൻ സംഖ്യ ഏതാണ് ?

ഉ : 1729

3. 'പൂജ്യം' കണ്ടുപിടിച്ചത് ഏത് രാജ്യക്കാരാണ് ?

ഉ : ഭാരതീയർ

4.'Mathematics'എന്ന വാക്കിന്റെ ഉൽഭവം....... എന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് ?

ഉ : Mathamata

5.'Mathamata' എന്ന ഗ്രീക്ക് പദത്തിന്റെ അർത്ഥമെന്താണ് ?

ഉ : Things that are learned (പഠിച്ച കാര്യങ്ങൾ)

6. '1000'- ത്തിന് തുല്യമായ റോമൻ സംഖ്യ ഏത് ?

ഉ : M

7. ഒരു മീറ്റർ എത്ര അടിയാണ് ?

ഉ : 3.28 അടി

8. ദേശീയ ഗണിതദിനം എന്നാണ് ?

ഉ : ഫെബ്രുവരി 28

9.'മില്ലേനിയം' എന്നു പറഞ്ഞാൽ എത്ര വർഷമാണ് ?

ഉ :1000


10.125-ന്റെ ഘനമൂലം എത്രയാണ് ?

ഉ : 5


ഡിജിറ്റൽ പെയിന്റിംഗ്



അഫ്സൽ നവാസ്



ചെറുകഥ



# മിട്ടുക്കനാകണം ...

ജേക്കബ് റ്റോം

"ഞാമ്പറഞ്ഞില്ലെ, നമ്മക്ക് പ്രായായില്ലല്ലോ. എല്ലാം തീരുമാനമാക്കുന്നത് അമ്മയും ഏട്ടനും കൂട ്യല്ലേ? എന്റെ വാക്കിനെന്താ വില....... ഞാനെത്ര പറഞ്ഞു ഇബടം വിട്ട എങ്ങോട്ടും പോണ്ടാന്ന്. പക്ഷേ കേക്കണ്ടേ... കടോണ്ട്. സ്ഥലം വിറ്റാലെ കടം തീരുള്ളത്രെ..."

"എടാ പ്രസാദേ, അവരു പറേണതും ഒരു കണക്കിന് ശരിയല്ലേടാ. നിന്റച്ഛനെ ചികത്സിക്കാൻ എന്തോരം കാശ് ചെലവായിക്കാണും... അതാവും."

"പക്ഷേ, എന്റച്ഛൻ ഉറങ്ങുന്ന മണ്ണും, നിങ്ങളേം വിട്ട് ഞാനെങ്ങനെ പോവും... പോവാണ്ടിരിക്കാൻ പറ്റില്ലല്ലോ."

"ശരിയാ, വേറെ ഒരു വഴീമില്ല... സാരല്ലിടാ... വലുതാവുമ്പം നമുക്കും തന്നെ യാത്ര ചെയ്യാല്ലോ... ഇഷ്ടോള്ളടത്ത് പോവ്വാലോ... അപ്പ നമുക്ക് വീണ്ടും കാണാം."

"പ്രസാദേ... എടാ പ്രസാദേ... ഈ ചെക്കനിതെവിടെപ്പോയി കിടക്കണ. നേരമിത്രെയായി? സാധനങ്ങളെല്ലാം പെറുക്കി കെട്ടി ബാക്കിയൊള്ളോന്റെ നടുവൊടിഞ്ഞു...എതിലേയെങ്കിലും കറങ്ങിത്തിരിഞ്ഞ് നടന്നോളും... അനുസരണകെട്ടത്..."

"എടാ, അമ്മ വിളിക്കുന്നൊണ്ട് ഞാമ്പോവാ... ഇനി ..."

"ശരീടാ... ഇനീം കാണാം. പോയ് വാ..."

പ്രസാദിന്റെ കണ്ണിൽ നിന്നും രണ്ടു തുള്ളികൾ ഇറ്റു വീണു. ജനിച്ച നാടും, കൂടെ പഠിച്ചവരും ഓർമ്മയുടെ കെട്ടിനുള്ളിൽ ഭദ്രമാക്കാനേ പറ്റൂ... മറ്റു കെട്ടുകളുടെ ഒപ്പം ഇത് കൊണ്ടു പോയാലും അവക്കൊപ്പം അഴിച്ചു മാറ്റാനാവില്ല .

"ദെവിടേർന്നു, ഇത്രേം നേരം? സാധനങ്ങളൊക്കെ എടുത്തു വച്ചോ? നാളെ രാവിലെന്നെ പോണ്ടതാ... ഏട്ടന്റെ വായീന്ന് കേക്കാൻ നിക്കാതെ എല്ലാം ഒന്ന് പെറുക്കി വെക്ക് ചെക്കാ."

"എന്തെടുത്തു വെക്കാനാ അമ്മേ? എന്റെ പുസ്തോം, രണ്ടോ മൂന്നോ കുപ്പായോം... ഒരു കൂടിങ്ങ് താ... ദാ... ഇത്രേള്ളു "

"ഹൊ, എത്രുളുപ്പത്തി പണി കഴിഞ്ഞ്? ഇനി അവടെ ചെല്ലുമ്പം അത് കണ്ടില്ലാ കേട്ടില്ലാന്നുമ്പറഞ്ഞ് വന്നാ മേടിക്കെന്റെ കൈയീന്ന്... ഏട്ടന്റെ സ്വഭാവറിയാലോ... ഹാ.. എന്തു ചെയ്യാനാ?"

അമ്മേടെ കണ്ണും നിറഞ്ഞല്ലോ... എങ്ങനെ നിറയാതിരിക്കും. ഈ ആയുസ്സിലനുഭവിക്കാവുന്നത്ര അനുഭവിച്ചില്ലേ? അഛൻ കഠിനാധ്വാനിയായിരുന്നെങ്കിലും, കള്ള്കുടിക്ക് പഞ്ഞമുണ്ടായിരുന്നില്ലല്ലോ. കള്ളുകുടിക്കാത്ത അഛൻറെ സ്നേഹവും കരുതലുമൊന്നും അതു കഴിഞ്ഞാലില്ല. കുടിച്ച് കുടിച്ച് കരള് പോയത്രേ.അമ്മേടെ കണ്ണീരിന് ഒരറുതി വരില്ലേ ദൈവമേ? അഛൻറെ ആ സ്വഭാവം അതിലും അല്പം കൂടിയ നിലയിൽ തന്നെ ഏട്ടനും കിട്ടിയിട്ടുണ്ട്. ഇടക്കൊക്കെ വീട്ടിലെ പാത്രങ്ങളൊക്കെ എറിഞ്ഞുടക്കും. ഇന്നാള് അപ്പുറത്തെ കാർത്ത്യായനി ചേച്ചിഅമ്മയോടു ചോദിക്കുന്നത് താനും കേട്ടതാണല്ലോ, "എന്താ പാറ്വേ, സുര കഞ്ചാവടീം കൂടെ തുടങ്ങ്യോ" ന്ന്.

"എനിക്കറീല്ലെന്റെ കാർത്ത്യാനീ... എന്തൊക്കെ കാണാനാ ദൈവം ന്നെ ങ്ങനെ വച്ചേക്കണെ? ന്റെ പ്രസാദെങ്കിലും ന്ന് മിടുക്കനായി വരണംന്നൊരു പ്രാർത്ഥനേള്ളൂ... ഞാങ്കടെ പോയാ അവന്റെ കാര്യം..."

അടക്കിപ്പിടിച്ച തേങ്ങലുകൾക്കിടയിലൂടെ അമ്മ പറഞ്ഞത് ഇന്നും തന്റെ കാതിലുണ്ട്. താനവിടെ നില്ക്കുന്നതറിയാതെ അമ്മ പറഞ്ഞ വാക്കുകൾ. അമ്മയുടെ ആകെ പ്രതീക്ഷ താനാണത്രെ. അതെ മിടുക്കനാകണം. പഠിക്കണം. ന്റമ്മക്ക് സന്തോഷമാകണം. സ്വന്തം നാടും വീടും വിട്ട്, മറ്റൊരു നാട്ടിലെത്തുമ്പോഴെങ്കിലും ഏട്ടനൊന്നു നന്നായാ മതിയായിരുന്നു. അവിടെ

സ്കൂളൊക്കെയുണ്ടെന്നാ  അമ്മ പറഞ്ഞത്. നന്നായി പഠിക്കണം... പഠിച്ചൊരു ജോലിയൊക്കെ വാങ്ങിഅമ്മയുടെ മുന്നിൽ നിവർന്നു നില്ക്കണം... ആ കണ്ണീരൊപ്പണം...

"ടാ  നെക്കൊന്നും കഴിക്കണ്ടേ..."

അമ്മയുടെ സ്വരം അവനെ ചിന്തയിൽ നിന്നുണർത്തി.

'ഹൊ ! ഇത്രേം സമയമായോ... ന്നിട്ടുമെന്താ വിശപ്പില്ലാത്തത്?'  പ്രസാദ് ചിന്തിച്ചു.

"വല്ലോം കഴിച്ച്, കുളിച്ച്, നാമോം ജപിച്ച് കിടന്നോ... നേരത്തെ ഏക്കണ്ടതാ... അറിയാലോ?"

ശരിയാ, നേരത്തെ ഏക്കണം. ഗോപൂന്റടുത്ത് ഒന്നൂടെ പോണം. കൂട്ടുകാർക്കെല്ലാമുള്ള അന്വേഷണം കൊടുക്കണം. അച്ഛന്റടുത്തും ഒന്നു പോണം. ഇപ്പവച്ഛനു കള്ളു കുടിക്കത്തില്ലല്ലോ. അപ്പം നല്ല സ്നേഹൊണ്ടാരിക്കും. മക്കള് നന്നായി കാണണംന്ന് അമ്മയോട് പറയുന്ന കേട്ടിട്ടുണ്ട്.

"കരളും തീർന്ന്, കാശും തീർന്ന്, മൂത്തവനും ഏതാണ്ട് തീരാറായപ്പോഴാണല്ലോ മനുഷ്യാ ങ്ങക്കീ പൂതിയൊക്കെ ഉണ്ടായെ... മക്കളു നന്നാവണേ അപ്പനുവമ്മേം  കൂടെ നന്നാവണം... ദിപ്പോ... ന്നെക്കൊണ്ട് വയ്യാ..."

അമ്മ മുഴുവനും പറഞ്ഞില്ലെങ്കിലും ഉദ്ദേശിച്ചതെന്താണെന്ന് അച്ഛന് മനസ്സിലായിട്ടുണ്ടാവണം. അതുകൊണ്ടാണല്ലോ അച്ഛന്റെ കണ്ണും നിറഞ്ഞൊഴുകിയത്. തന്റെ ജീവിത രീതിയിൽ അച്ഛന് മനസ്താപമുണ്ടായിരുന്നിരിക്കണം. താൻ അടുത്തു ചെല്ലുമ്പോഴൊക്കെ അരികിൽ വിളിച്ചിരുത്തി കൈകൾ ചേർത്തു പിടിക്കുമായിരുന്നു. "മിടുക്കനാകണം, അമ്മക്ക് തുണയാകണം". തന്നോട് അവസാനം പറഞ്ഞതിതാണ്.

അതെ, മിടുക്കനാകണം, അമ്മക്ക് തുണയാകണം. ഇനി അതു മാത്രമാണ് തന്റെ ലക്ഷ്യം.

***

"കുട്ടികളെ, നിങ്ങളുടെ ജ്യേഷ്ഠ സഹോദരന്റെ സ്ഥാനത്ത് നിന്ന് പറയട്ടെ... ജീവിതത്തിൽ ഒരു ലക്ഷ്യമുണ്ടായിരിക്കണം. ആ ലക്ഷ്യം എത്തിപ്പിടിക്കാനുള്ള ഇച്ഛാശക്തി വേണം... ആത്മാർത്ഥമായ പരിശ്രമവും. എങ്കിൽ ഏത് ഉന്നത ലക്ഷ്യവും നിങ്ങൾക്കു മുന്നിൽ തല കുനിക്കും... ഏത് പ്രതിബന്ധവും തകർന്ന് തരിപ്പണമാകും... ഓർമ്മിക്കുക, നിങ്ങളുടെ നന്മക്കായി രാപ്പകൽ അദ്ധ്വാനിക്കുന്ന നിങ്ങളുടെ സ്നേഹം നിറഞ്ഞ മാതാപിതാക്കളെ... നിങ്ങളുടെ ചെറിയ തെറ്റുകൾ പോലും തിരുത്തി, നിങ്ങളെ വലിയവരാക്കാൻ പ്രയത്നിക്കുന്ന നിങ്ങളുടെ പ്രിയപ്പെട്ട അദ്ധ്യാപകരെ... എന്തിനും ഏതിനും നിങ്ങൾക്ക് കട്ട സപ്പോർട്ടുമായി നില്ക്കുന്ന നിങ്ങളുടെ ആത്മാർത്ഥ സുഹൃത്തുക്കളെ... ഇവയൊക്കെയും ഈ ലക്ഷ്യം എത്തി പ്പിടിക്കാൻ നിങ്ങൾക്ക് ഊർജം പ്രദാനം ചെയ്യുന്ന ഇന്ധനങ്ങളാണ്."

"എനിക്കറിയാം, എന്റെ അമ്മയുടെ കണ്ണീരും , അദ്ധ്വാനവും, പ്രാർത്ഥനയും, അച്ഛന്റെ അനുഗ്രഹവും, ഏട്ടന്റെ ത്യാഗവും എന്റെ വിജയത്തിന് കാരണമാണെന്ന്... എന്റെ അദ്ധ്യാപകരും, നല്ല സുഹൃത്തുക്കളും ഞാൻ നടന്ന വഴികളിൽ പ്രകാശമായും, പാഥേയമായും കൂടെയുണ്ടായിരുന്നുവെന്ന്... ഇന്ന് അഭിമാനത്തോടെ പ്രസാദ് കെ. പരമേശ്വരൻ ഐ.എ.എസ്. എന്ന മേൽ വിലാസത്തോടെ നിങ്ങൾക്കു മുൻപിൽ നില്ക്കുമ്പോൾ നന്ദിയോടെ തലകുനിക്കുന്നു... ഇവരുടെയൊക്കെ പാദത്തിൽ മനസ്സാ നമസ്കരിക്കുന്നു... സാമൂഹിക സേവനത്തിന്റെ ചുക്കാൻ പിടിക്കുന്ന, ഇന്ത്യയുടെ ഭാവി തന്നെ നിയന്ത്രിക്കുന്നവരുടെ പട്ടികയിലേക്ക് നിങ്ങൾക്കും കടന്നു വരാൻ സാധിക്കട്ടെ... അതിന് എന്റെയീ വിജയം നിങ്ങൾക്ക് പ്രചോദനമാകുമെങ്കിൽ ഞാൻ കൃതാർ ത്ഥനായി."


നീണ്ടു നിന്ന ആരവങ്ങൾക്കും, കരഘോഷങ്ങൾക്കുമിടയിലും പ്രസാദ് കണ്ടു, മുൻ നിരയിൽ തന്നെ കണ്ണീരണിഞ്ഞ ആ മുഖം. അതെ ആനന്ദാശ്രുക്കൾ ഒഴുകിയിറങ്ങിയ തന്റെ അമ്മയുടെ മുഖം. തൊട്ടടുത്തു തന്നെ അഭിമാനത്തോടെ തലയുയർത്തി നില്ക്കുന്ന തന്റെ ഏട്ടന്റെയും, കുടുംബത്തിന്റെയും മുഖങ്ങൾ...

*********

ഡിജിറ്റൽപെയിന്റിംഗ്



അഖിൽ ബാബു



# നന്ദി!